**മധുരമായ കുട്ടികളെ- ധൈര്യമായിരിക്കൂ നിങ്ങളുടെ ദുഃഖത്തിന്റെ ദിനങ്ങൾ ഇപ്പോൾ പൂർത്തിയായി, സുഖത്തിന്റെ ദിവസങ്ങൾ വരികയായി, നിശ്ചയബുദ്ധികളായ കുട്ടികളുടെ അവസ്ഥ ധൈര്യമുള്ളതായിരിക്കും.**

**ചോദ്യം-** ഏതൊരു അവസ്ഥയിലും വാടാതിരിക്കുന്നതിനുള്ള സഹജമായ വിധി എന്താണ്?
**ഉത്തരം-** ബ്രഹ്മാബാബയുടെ ഉദാഹരണത്തെ സദാ മുന്നിൽ വെയ്ക്കു. ഇത്രയധികം കുട്ടികളുടെ അച്ഛനാണ്, ചില കുട്ടികൾ സൽപുത്രരാണെങ്കിൽ ചിലർ കുപുത്രരാണ്, ചിലർ സർവ്വീസ് ചെയ്യുമ്പോൾ ചിലർ ഡിസ്സർവ്വീസ് ചെയ്യുന്നു, എന്നിട്ടും ബാബ ഒരിയ്ക്കലും വാടിയില്ല, പരിഭ്രമിച്ചില്ല എങ്കിൽ പിന്നെ നിങ്ങൾ കുട്ടികൾ എന്തിനാണ് വാടുന്നത്? നിങ്ങൾ ഒരു സാഹചര്യത്തിലും വാടിപ്പോകരുത്.

**ഗീതം-** ധൈര്യമായിരിക്കൂ മനസ്സേ...........

**ഓംശാന്തി**. ധൈര്യമായിരിക്കൂ മനസ്സേ എന്ന് മനുഷ്യനോടല്ല പറയുന്നത്. മനസ്സും ബുദ്ധിയും ആത്മാവിലാണുള്ളത്. ഇത് ആത്മാവിനോടാണ് പറയുന്നത്. ആത്മാക്കളോട് ധൈര്യത്തോടെയിരിക്കൂ എന്ന് പറയാൻ പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും കഴിയില്ല എന്തുകൊണ്ടെന്നാൽ ധൈര്യഹീനർക്ക് തന്നെയാണ് ധൈര്യം നൽകാറ്. അഥവാ ഈശ്വരൻ സർവ്വവ്യാപിയാണെങ്കിൽ മനുഷ്യനെ ധൈര്യഹീനൻ എന്നു പറയാൻ കഴിയില്ല. ഈ സമയത്ത് മുഴുവൻ മനുഷ്യരും ധൈര്യഹീനരും ദുഃഖികളുമാണ് അതിനാലാണ് ധൈര്യം നൽകുന്നതിനായി, സുഖം നൽകുന്നതിനായി അച്ഛൻ വന്നിരിക്കുന്നത്. പറയുന്നു ഇപ്പോൾ ധൈര്യമായിരിക്കു. അച്ഛന്റെ മഹാവാക്യം കേവലം നിങ്ങൾക്കു മാത്രമല്ല, വാസ്തവത്തിൽ മുഴുവൻ ലോകത്തിനും വേണ്ടിയാണ്. മുഴുവൻ ലോകവും പതുക്കെ പതുക്കെ കേട്ടുകൊണ്ടിരിക്കും. ആരാണോ കേൾക്കുന്നത് അവർ വന്നുകൊണ്ടിരിക്കും. സർവ്വരുടേയും സദ്ഗതി ദാതാവ്, ദുഃഖ ഹർത്താവ് ഒരേഒരു ബാബയാണ്. ഇത് ദുഃഖത്തിന്റെതന്നെ ലോകമാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മുടെ മുക്തി-ജീവന്മുക്തിയുടെ ദിവസം അഥവാ കലിയുഗീപതിതലോകത്തിൽ നിന്നുള്ള മോചനത്തിന്റെ ദിവസം ഇപ്പോൾ വന്നിരിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇതെല്ലാമുണ്ട് എന്നാൽ അത് നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. ഇപ്പോൾ നമ്മൾ ഈ ദുഃഖത്തിന്റെ ലോകത്തിൽ നിന്നും മോചിതരായി നമ്മുടെ സുഖധാമത്തിലേയ്ക്ക് പോകും എന്ന ധൈര്യം എല്ലാവർക്കും ഇല്ല. നിങ്ങൾ കുട്ടികൾക്ക് സ്ഥായിയായ നിശ്ചയം വെയ്ക്കണം. അഥവാ ശ്രീമത്ത് അനുസരിച്ച് നടക്കുകയാണെങ്കിൽ നമ്മുടെ സുഖത്തിന്റെ ദിനങ്ങൾ ഇപ്പോൾ വരികയായി. അതിൽ ആശീർവ്വാദത്തിന്റേയോ കൃപയുടേയോ കാര്യമില്ല. അച്ഛൻ ഇരുന്ന് പഠിപ്പിക്കുന്നു, സഹജ സ്വ-രാജ്യയോഗം പഠിപ്പിക്കുന്നു. പഠിപ്പിനെ അറിവ് എന്നും പറയാറുണ്ട്. നിങ്ങൾ കുട്ടികൾക്ക് ശ്രേഷ്ഠ മതം നൽകുകയാണ്. ആദ്യമാദ്യം ഇളകാത്ത നിശ്ചയം വേണം, പിന്നീട് ഒരിയ്ക്കലും അത് മുകളിലേയ്ക്കും താഴേയ്ക്കുമാകരുത്. പാടുന്നുണ്ട് മുകളിൽ ബ്രഹ്മത്തിൽ ഇരിക്കുന്ന ആളെക്കുറിച്ച് ചിന്തയുണ്ടായിരുന്നു, ആ ആളെത്തന്നെ നേടിക്കഴിഞ്ഞാൽ ഇനി ബാക്കി എന്താണുവേണ്ടത്. ആ അച്ഛനിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും എന്ന നിശ്ചയമുണ്ട്. അതിനാൽ ആദ്യമേ തന്നെ സ്ഥായിയായ ധൈര്യം ലഭിക്കുന്നു. ഇതാണ് അവിനാശിയായ ധൈര്യം. നിശ്ചിതമാണ് നമ്മൾ യുദ്ധവും വഴക്കും ഒന്നുമില്ലാതെ ശ്രീമത്തിലൂടെ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ, ശ്രേഷ്ഠാചാരിയായ രാജ്യഭാഗ്യം സ്ഥാപനചെയ്തുകൊണ്ടിരിക്കുകയാണ്. എങ്കിൽ പിന്നെ ബോധം കെടേണ്ട ആവശ്യമെന്താണ്. വീടുകളിൽ 10-12 മക്കളുണ്ടാകാം. ബാബയെ നോക്കു ആയിരക്കണക്കിന് ലക്ഷക്കണക്കിന് കുട്ടികളാണ്. ചിലകുട്ടികൾ പ്രശ്നമുണ്ടാക്കുകയും ചെയ്യാറുണ്ട്. ചില കുട്ടികൾ സൽപുത്രരാണ്, ചിലർ കുപുത്രരും, ചിലർ സർവ്വീസ് ചെയ്യുന്നു, ചിലരാണെങ്കിൽ ഡിസ്സർവ്വീസും. എന്താ ബാബ എപ്പോഴെങ്കിലും ഭയപ്പെടാറുണ്ടോ? അതിനാൽ നിങ്ങൾ കുട്ടികളും ഭയപ്പെടരുത്. ഗൃഹസ്ഥവ്യവഹാരത്തിലും ഇരിക്കണം. ഒരു ഭാഗത്ത് ഹഠയോഗം, കർമ്മസന്യാസമാണ്. നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസമാണ്. ഇതാണ് രാജയോഗം. നിങ്ങൾക്ക് ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും അച്ഛനിൽ നിന്നും സമ്പത്ത് നേടണം. വളരെ സഹജമാണ്. ഇപ്പോൾ നമ്മുടെ സുഖധാമത്തിന്റെ വൃക്ഷം കാണാൻ കഴിയുന്നുണ്ട്. പരോക്ഷമായും പ്രത്യക്ഷമായും ബുദ്ധികൊണ്ട് അറിയുന്നുണ്ട്. സാക്ഷാത്ക്കാരം ഉണ്ടാകാം, ഉണ്ടാകാതെയുമിരിക്കാം. ഭാവിയിലെ സ്വ-രാജധാനിയ്ക്കായി പുരുഷാർത്ഥം ചെയ്യുകയാണ്. പ്രഥമ ലക്ഷ്യം മുന്നിലില്ലേ. ലക്ഷ്മീ നാരായണന്റെ ചിത്രം കാണുന്നുണ്ടല്ലോ. എനിക്ക് സാക്ഷാത്ക്കാരം ഉണ്ടായാൽ മാത്രമേ ഞാൻ അംഗീകരിക്കു എന്നാവരുത്. ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ഈ കണ്ണുകൾ കൊണ്ട് ചിത്രങ്ങൾ കാണുന്നുണ്ടല്ലോ. ഈ കണ്ണുകൾ കൊണ്ട് ഇതെല്ലാം വീണ്ടും കാണും. ഇത് രാജയോഗമല്ലേ. ബുദ്ധിയും പറ

യുന്നുണ്ട്  കൃത്യമായ ചിത്രങ്ങൾ തന്നെയാണ് വെച്ചിരിക്കുന്നത് പിന്നീട് സാക്ഷാത്ക്കാരത്തിന്റെ ആവശ്യമെന്താണ്. ശ്രീകൃഷ്ണൻ സത്യയുഗത്തിന്റെ അധികാരിയല്ലേ. ശിവബാബ പരമധാമത്തിൽ വസിക്കുന്നയാളാണ്. നിങ്ങൾക്ക് ലക്ഷ്മീ നാരായണനായി മാറാൻ കഴിയും അതാണ് നിങ്ങളുടെ പ്രഥമലക്ഷ്യം. അതിനാൽ കണ്ണാടിയിൽ നോക്കണം ആ ദൈവീക ഗുണങ്ങൾ നമ്മളിൽ എത്രത്തോളം വന്നു? ബാബ വളരെ നന്നായി ധൈര്യം നൽകുന്നു.

ഇപ്പോൾ പഠിക്കണം. രാജാധാനിയുടെ സ്ഥാപനയ്ക്ക് ജ്ഞാനം ആവശ്യമാണ്. അത് അച്ഛൻ നൽകുകയാണ്. ഐ. എ. എസുകാർക്ക് വളരെ അധികം ലഹരിയുണ്ടാകും- ഞങ്ങൾ വലുതിലും വലിയ ഓഫീസറാകും. ചിലർ കച്ചവടത്തിൽ തന്നെ കോടിപതികളായി മാറുന്നു. ബാബ പിന്നീട് നിങ്ങൾക്കീ ജോലി പഠിപ്പിക്കുന്നു- കച്ചവടത്തിന്റെ. നിങ്ങൾ അച്ഛന് കക്കകൾ നൽകുന്നു, അതിനു പകരമായി അച്ഛൻ നിങ്ങളെ 21 ജന്മങ്ങളിലേയ്ക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഇത് കച്ചവടവുമാണ് പഠിപ്പുമാണ്. കേവലം കച്ചവടം കൊണ്ട് കാര്യമില്ല, വിശ്വത്തിന്റെ ചരിത്രത്തിന്റേയും ഭൂമിശാസ്ത്രത്തിന്റേയും അറിവും ആവശ്യമാണല്ലോ. സ്വദർശനചക്രധാരിയായും മാറണം. എത്രത്തോളം പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടും. പ്രജകളും ദാസനും ദാസിയും എല്ലാവരും സ്വർഗ്ഗത്തിന്റെ അധികാരികൾ തന്നെയായിരിക്കും. ഇപ്പോഴും എല്ലാവരും പറയുന്നുണ്ട്- ഭാരതം ഞങ്ങളുടെ ദേശമാണ്. പക്ഷേ രാജാവിനും പ്രജയ്ക്കും തമ്മിൽ വളരെ അധികം വ്യത്യാസമുണ്ട്. അച്ഛൻ പറയുന്നു - എത്ര സാധിക്കുമോ അത്രയും ഉയർന്ന പദവി നേടൂ, മാതാപിതാവിനു സമാനം പുരുഷാർത്ഥം ചെയ്യൂ. മനസ്സിലാക്കിത്തന്നിട്ടുണ്ട് എല്ലാവർക്കും രാജ്യസിംഹാസനത്തിൽ ഇരിക്കാൻ സാധിക്കില്ല. അതിനാൽ മത്സരം നടത്തേണ്ടി വരുന്നു. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് രാജ്യഭാഗ്യം നേടും. എല്ലാവരും കല്പം മുമ്പ് എത്ര പുരുഷാർത്ഥം ചെയ്തോ അതുതന്നെയായിരിക്കും ഇനിയും ചെയ്യുക അത് സാക്ഷിയായി കാണുന്നു. എന്നിട്ട് ആരുടേയെങ്കിലും പുരുഷാർത്ഥം തണുപ്പനാണെങ്കിൽ അതിനെ തീവ്രമാക്കുന്നു. നിങ്ങളുടെ പുരുഷാർത്ഥം വളരെ തണുപ്പനാണ്. നിങ്ങൾക്ക് വളരെ അധികം മമത്വമുണ്ട്. സൂക്ഷിപ്പുകാരനാക്കിയിട്ടും മമത്വമെന്തിനാണ്? നിങ്ങൾ ശ്രീമതം അനുസരിച്ച് നടക്കൂ. ബാബാ, വീടുണ്ടാക്കട്ടെ? എന്നു ചോദിക്കുന്നു. എന്തുകൊണ്ട് ഉണ്ടാക്കിക്കൂടാ, സമാധാനത്തോടെയിരുന്നോളൂ. ഈ മോശമായ ലോകത്തിൽ ബാക്കി കുറച്ചുദിവസങ്ങളെയുള്ളൂ, അതിനാൽ സമാധാനത്തോടെയിരിക്കൂ, കുട്ടികളുടെ വിവാഹവും നടത്തിക്കൊടുക്കൂ. അച്ഛൻ പൈസയൊന്നും വാങ്ങുന്നില്ല. അച്ഛൻ ദാതാവാണ്. ശിവബാബ ഈ സമയത്ത് കുട്ടികൾക്ക് താമസിക്കാനായി ഈ കെട്ടിടം ഉണ്ടാക്കി. തനിക്ക് ഇരിക്കാൻ ഈ ശരീരത്തെ നിമിത്തമാക്കി മാറ്റി, ജീവാത്മാക്കൾക്ക് താമസിക്കാൻ തീർച്ചയായും വീട് ആവശ്യമാണ്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വേണ്ടിയാണ് ഉണ്ടാക്കുന്നത്. ബാബയും ഈ വീട്ടിൽ ഇരിക്കുന്നുണ്ടല്ലോ. നിങ്ങൾക്ക് അറിയാം ഇത് നമ്മുടെ ശരീരത്തിന്റെ അച്ഛനും അത് നമ്മുടെ ആത്മാവിന്റെ അച്ഛനുമാണ്. നിങ്ങളെ ദത്തെടുത്തിരിക്കുകയാണ്. നിങ്ങൾ എന്റെ കുട്ടികളാണ്. മമ്മാ-ബാബാ എന്നു വിളിക്കുന്നില്ലെ, ഇതിനെയാണ് ദത്തെടുക്കൽ എന്നു പറയുന്നത്. പ്രജാപിതാ ബ്രഹ്മാവിന് ഇത്രയും കുട്ടികൾ ഉണ്ടെങ്കിൽ തീർച്ചയായും ദത്തെടുത്തതായിരിക്കും. നിങ്ങൾ കുട്ടികളെ ദത്തെടുക്കുകയാണ്. സരസ്വതിയും മകളല്ലേ. ഇത് വളരെ ഗുപ്തമായ മനസ്സിലാക്കേണ്ട കാര്യമാണ്. ഗീതാ ഭാഗവതം മുതലായവ നിങ്ങൾ പഠിച്ചിട്ടുണ്ട്, ഈ ബാബയും പഠിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഡ്രാമ അനുസരിച്ച് ശ്രീമത്ത് ലഭിച്ചിരിക്കുന്നു. എന്തെല്ലാം പറയുന്നോ അതെല്ലാം ഡ്രാമ അനുസരിച്ചാണ്. അതിൽ തീർച്ചയായും മംഗളമേ ഉണ്ടാകൂ. നഷ്ടമുണ്ടായാൽ അതിലും മംഗളം തന്നെയാണുള്ളത്. എല്ലാകാര്യത്തിലും മംഗളമുണ്ട്. ശിവബാബ കല്യാണകാരിയാണ്. ബാബയുടെ മതം നല്ലതാണ്. അഥവാ ബാബയിൽ എന്തെങ്കിലും സംശയം വന്നാൽ ശ്രീമത്തിലൂടെ നടക്കാതെ മന്മത്ത് അനുസരിച്ച് നടക്കും അതിലൂടെ ചതിക്കപ്പെടും. പിന്നെ ശിവബാബ എന്തുചെയ്യും. ഓരോ ചുവടിലും അഭിപ്രായം ചോദിക്കണം. സുപ്രീം വഴികാട്ടി ഇരിക്കുന്നുണ്ടല്ലോ. വളരെ അധികം കുട്ടികൾ ഈ കാര്യം മറന്നുപോകുന്നു എന്തുകൊണ്ടെന്നാൽ യോഗത്തിൽ ഇരിക്കുന്നില്ല. യോഗം അഥവാ ഓർമ്മയെത്തന്നെയാണ് യാത്ര എന്നു പറയുന്നത്. യോഗം ചെയ്യുന്നില്ല എന്നാൽ അർത്ഥം നമ്മൾ വിശ്രമിക്കുകയാണ്. യാത്രപോകുമ്പോൾ ചിലർ വിശ്രമിക്കാറുണ്ടല്ലോ. അഥവാ നിങ്ങളും വിശ്രമിക്കുകയാണെങ്കിൽ ഓർമ്മിക്കുന്നില്ലെങ്കിൽ വികർമ്മം വിനാശമാകില്ല മുന്നോട്ടുപോകാനും സാധിക്കില്ല. ഓർമ്മിക്കുന്നില്ലെങ്കിൽ അടുത്ത് പോകുന്നില്ല. ആത്മാവ് ക്ഷീണിച്ചുപോകുന്നു. അച്ഛനെ മറക്കുന്നു. അച്ഛൻ പറയുന്നു നിങ്ങൾ യാത്ര പോയിക്കൊണ്ടിരിക്കുകയാണ്. രാത്രി നിങ്ങൾ വിശ്രമിക്കുന്നുണ്ട്. രാത്രി ഉറങ്ങുമ്പോൾ നിങ്ങൾ യാത്രയിലല്ല. ഉറങ്ങുന്നത് വിശ്രമമാണ്. എപ്പോഴാണോ ഉണരുന്നത് അപ്പോൾ യാത്രയിലാണ്. ഉറക്കത്തിൽ വികർമ്മങ്ങളൊന്നും വിനാശമാകില്ല. ബാക്കി പിന്നെ രണ്ടാമത് വികർമ്മങ്ങളൊന്നും ഉണ്ടാകുന്നില്ല. ബാബ എല്ലാകാര്യങ്ങളും മനസ്സിലാക്കിത്തന്നിട്ടുണ്ട് പക്ഷേ ആരെങ്കിലും പ്രാവർത്തികമാക്കേണ്ടേ. അനേകം പോയിന്റ്സ് പറഞ്ഞു തരുന്നു. വക്കീലിനു പഠിക്കുമ്പോഴാണ് വക്കീലിനുള്ള പോയിന്റ്സ് ബുദ്ധിയിൽ വരുക. ഡോക്ടറിന് അല്ലെങ്കിൽ എഞ്ചി

നീയറിങ്ങിന് പഠിക്കുന്നു എന്നിട്ട് അവര്‍ ഡോക്ടറോ എഞ്ചിനീയറോ ആകുന്നു. എങ്ങനെയുള്ള കോഴ്സാണോ ചെയ്യുന്നത് അതുപോലെയായി മാറുന്നു.

ഇവിടെയാണെങ്കില്‍ ഒരേഒരു കോഴ്സേയുള്ളു. നിങ്ങളുടെ തലയില്‍ ജന്മ ജന്മാന്തരങ്ങളിലെ പാപത്തിന്റെ ഭാരം വളരെയുണ്ട്. അതിനെ ഇല്ലാതാക്കാന്‍ ഒരേഒരു ഉപായമേയുള്ളു- അച്ഛനെ ഓര്‍മ്മിക്കുക. ഇല്ലെങ്കില്‍ പദഭ്രഷ്ടരായി മാറും. മാല ഉണ്ടാക്കിയിട്ടുണ്ടല്ലോ. 9 രത്നങ്ങളെക്കുറിച്ചും പാട്ടുണ്ട്. ഇവര്‍ എവിടെ നിന്നാണ് വന്നത് എന്നതും മനുഷ്യര്‍ക്ക് അറിയില്ല. 8 രത്നങ്ങളെക്കൊണ്ട് രുദ്രമാല ഉണ്ടാകുന്നു. അതിനാല്‍ നന്നായി പുരുഷാര്‍ത്ഥം ചെയ്യണം. വിദ്യാര്‍ത്ഥികള്‍ നന്നായി പഠിക്കുകയാണെങ്കില്‍ അത് രജിസ്റ്ററിലൂടെ മാതാപി താക്കള്‍ക്ക് അറിയാന്‍ കഴിയും. ഇവിടെയാണെങ്കില്‍ അച്ഛന്‍ തന്നെ ടീച്ചറുമാണ് അതിനാല്‍ ബാബയ്ക്ക് അറിയാന്‍ കഴിയും. നിങ്ങള്‍ അച്ഛന്റെ അടുത്താണ് പഠിക്കുന്നത്. രജിസ്റ്ററില്‍ ഉള്ളത് അച്ഛന് അറിയാന്‍ കഴിയും. നിങ്ങള്‍ക്കും നിങ്ങളുടെ രജിസ്റ്റര്‍ മനസ്സിലാക്കാന്‍ സാധിക്കും- എത്രത്തോളം എന്നില്‍ ഗുണ ങ്ങളുണ്ട്, ഞാന്‍ എത്രത്തോളം മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റി? ആര് മുന്നില്‍ വന്നാലും അവര്‍ ശരീരത്തെ മറക്കുന്ന തരത്തില്‍ അത്രയും ശക്തിയുണ്ടോ? മനുഷ്യന്‍ ധൈര്യം കാണിച്ചാല്‍ ഈശ്വരന്‍ തീര്‍ച്ചയായും സഹായിക്കും എന്ന് പറയാറുണ്ട്. അച്ഛന്‍ വളരെയധികം സഹായം നല്‍കുന്നു. നിങ്ങളും യോഗത്തിന്റെ സഹായം നല്‍കുന്നു. അച്ഛന് പവിത്രതയുടെ സഹായമാണ് വേണ്ടത്. യോഗബലത്തി ലൂടെ മുഴുവന്‍ പതിതലോകത്തേയും പാവനമാക്കി മാറ്റണം.ആര് എത്രത്തോളം യോഗത്തിന്റെ സഹായം നല്‍കുന്നുവോ അത്രത്തോളം ബാബ സന്തുഷ്ടനാകും. ഇത് ബാബയ്ക്കുവേണ്ടി ചെയ്യുന്ന സഹായ മാണോ അതോ തനിക്കുവേണ്ടിയുള്ളതാണോ? നിങ്ങള്‍ എത്രത്തോളം പഠിക്കുമോ അത്രയും ഉയര്‍ന്ന പദവി നേടും. എത്രത്തോളം ഓര്‍മ്മിക്കുന്നോ അത്രയും പവിത്രതയുടെ സഹായം എനിക്ക് ലഭിക്കും. ഞാന്‍ വന്നിരിക്കുകയാണ് പാവനലോകത്തിനായി പതിതരെ പാവനമാക്കാന്‍. പതിതമാകുന്നതും പാവന മാകുന്നതും ഇവിടെത്തന്നെയാണ്. അത് നിരാകാരീ ലോകമാണ്. പതീതപാവനാ വരൂ എന്ന് പാടുന്നുമു ണ്ട്. എന്നാല്‍ പാവനലോകമെന്ന് പറയുന്നത് എന്തിനേയാണ് എന്ന് മനസ്സിലാക്കുന്നില്ല. സീതയെ രാവ ണന്റെ ജയിലില്‍ നിന്ന് ദുഃഖത്തില്‍ നിന്ന് മോചിപ്പിച്ചുകഴിഞ്ഞാല്‍ പിന്നെ സുഖം വേണ്ടേ. ബാക്കിയു ള്ളവര്‍ക്ക് ശാന്തി കൂടുതല്‍ ലഭിക്കും സുഖം കുറച്ചേ ലഭിക്കു. നിങ്ങള്‍ക്ക് വളരെയധികം സുഖം ലഭി ക്കുന്നു അതിനാല്‍ ദുഃഖവും വളരെ അധികം ലഭിക്കുന്നു. പിന്നാലെ വരുന്ന ആത്മാക്കള്‍ കുറച്ച് പാര്‍ട്ട് അഭിനയിച്ച് തിരിച്ച്പോകുന്നു. ഒന്നോ രണ്ടോ ജന്മങ്ങള്‍ എടുക്കുന്നു, കുറച്ച് സമയത്തേയ്ക്കു വന്നു ഉടനെ പോയി. നിങ്ങളുടേത് 84 ജന്മങ്ങളുടെ കാര്യമാണ്. അവരുടേത് ഒന്നോരണ്ടോ ജന്മങ്ങളുടെ കാര്യ മാണ്. നിങ്ങള്‍ 84 ജന്മങ്ങളെ അറിയുന്നു, ചക്രത്തെ അറിയുന്നതിലൂടെ ചക്രവര്‍ത്തി രാജാവായി മാറുന്നു. അവര്‍ക്ക് ആവാന്‍ കഴിയില്ല. അവര്‍ക്ക് വേണ്ടിയുള്ളതല്ല ഈ ജ്ഞാനം. ഈ ജ്ഞാനം നിങ്ങള്‍ക്കുള്ള താണ് അതായത് ആരാണോ കല്പം മുമ്പും ജ്ഞാനം എടുത്തിട്ടുള്ളത് അവര്‍ക്കുവേണ്ടിയുള്ളത്. ഇപ്പോള്‍ നിങ്ങള്‍ക്ക് പുരുഷാര്‍ത്ഥം ചെയ്യണം. പുരുഷാര്‍ത്ഥം ചെയ്യാനുള്ള സമയം ഇപ്പോഴാണ് പിന്നെ പുരു ഷാര്‍ത്ഥം എന്ന കാര്യവും നിങ്ങള്‍ക്ക് തന്നെയുള്ളതാണ്. ദേവീദേവതാ ധര്‍മ്മം വളരെ സുഖം നല്‍കുന്ന താണ്, ഇത്രയും സുഖം മറ്റൊന്നിനും നല്‍കാന്‍ കഴിയില്ല.

ഈ അനാദി ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. എല്ലാവര്‍ക്കും ഹീറോ ഹീറോയിന്‍ പാര്‍ട്ട് ലഭിക്കില്ല. പലതരം മനുഷ്യരാണുള്ളത്. അതിലും നല്ലവര്‍, മോശമായവര്‍ എന്നിങ്ങനെ അനേകപ്രാകാരത്തിലുള്ളവരുണ്ട്. ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായത് ദേവീദേവതകളാണ്. അവരെത്തന്നെയാണ് ശ്രേഷ്ഠം എന്ന് പറയുന്നത്. അവര്‍ സത്യയുഗത്തില്‍ മാത്രമാണ് ഉണ്ടാവുക. പക്ഷേ അവര്‍ എങ്ങനെയാണ് അവരായത് എന്നത് ആര്‍ക്കും അറിയില്ല. ചിലര്‍ പറയുന്നു കൃഷ്ണന്‍ വിളിപ്പുറത്ത് വരുന്നവരാണ്. ഭഗവാനും വിളിപ്പുറത്ത് വരുന്നവരാണ്. ഈ മുഴുവന്‍ കാര്യങ്ങളും നിങ്ങള്‍ കുട്ടികള്‍ മനസ്സിലാക്കി. ഈ പ്രഥമ ലക്ഷ്യം മനസ്സിലാ ക്കിക്കൊടുക്കാന്‍ വളരെ നല്ലതാണ്. എല്ലാവരെയും തീര്‍ച്ചയായും ക്ഷണിക്കണം. പത്രങ്ങളിലൂടെ എല്ലാ വര്‍ക്കും ക്ഷണം ലഭിക്കുന്നു. ഇപ്പോള്‍ സമയം കുറച്ചേ ബാക്കിയുള്ളു. ഇപ്പോള്‍ വരെ കുട്ടികള്‍ യാത്ര ചെയ്ത് ചെയ്ത് ക്ഷീണിച്ച് ഇരിക്കുകയാണ്. മായയുടെ കൊടുങ്കാറ്റിനെ സഹിക്കാന്‍ കഴിയുന്നില്ല. യുദ്ധ ത്തിന്റെ മൈതാനത്തില്‍ മായ തീര്‍ച്ചയായും പിടിക്കും. വളരെ ശക്തിയോടെ വന്ന് യുദ്ധം ചെയ്യും. ശക്ത മായ കൊടുങ്കാറ്റ് വരും. പിന്നീട് പറയും എപ്പോള്‍ ജ്ഞാനത്തില്‍ വന്നോ അന്നുമുതല്‍ വിഘ്നങ്ങള്‍ വരു ന്നു, കച്ചവടത്തിലും നഷ്ടമുണ്ടായി. ബാബ പറയുന്നു ജ്ഞാനത്തില്‍ വന്നപ്പോഴാണ് വിഘ്നങ്ങള്‍ വന്നത് എന്ന് കരുതരുത്. ലോകത്ത് ഇതെല്ലാം സംഭവിക്കുന്നതുതന്നെയാണ് അതിനാല്‍ ഇതിനെ ഭയക്കരുത്. ചിലപ്പോള്‍ ശുക്രദശയായിരിക്കും ചിലപ്പോള്‍ രാഹുദശയായിരിക്കും, അങ്ങനെ വന്നുകൊണ്ടിരിക്കും. മുന്നോട്ട് പോകവേ നിന്നുപോകുന്നു. രാഹുവിന്റെ ദശ വളരെ കടുത്തതാണ്. മായ വിഴുങ്ങിക്കഴിഞ്ഞാല്‍ വളരെ കറുത്തതായി മാറും. മായ മുഖത്തടിച്ച് തീര്‍ത്തും മുഖം കറുപ്പിക്കുന്നു. മായയുടേയും വിജയം

ഉണ്ടാകും. കേവലം കുട്ടികളുടെ വിജയം മാത്രമാണ് ഉണ്ടാകുന്നത് എങ്കിൽ പെട്ടെന്ന് തന്നെ രാജധാനി സ്ഥാപിക്കപ്പെടും. ഉസ്താദിനെ മറക്കുമ്പോഴാണ് മായ മുഖത്ത് അടിക്കുന്നത്. ഇങ്ങനെയുള്ള ആത്മീയ പ്രിയതമനെ പ്രിയതമ മറന്നുപോവുക എന്നത് അത്ഭുതമല്ലേ! ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. യോഗബലത്തിലൂടെ പതിതലോകത്തെ പാവനമാക്കി മാറ്റുന്നതിൽ അച്ഛന്റെ സഹായിയായി മാറണം. ഓർമ്മയുടെ യാത്രയിൽ വിശ്രമിക്കരുത്. അടുത്ത് ഇരിക്കുന്നവർ തന്റെ ശരീരം പോലും മറക്കുന്ന തരത്തിലുള്ളതായിരിക്കണം ഓർമ്മ.

2. ശ്രീമതത്തിൽ സംശയം ഉന്നയിച്ച് ഒരിയ്ക്കലും തന്റെ മന്മത്തിലൂടെ നടക്കരുത്. ഓരോ കാര്യത്തിലും അഭിപ്രായം ചോദിച്ച് അതിൽ തന്റെ മംഗളം അടങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാക്കി നടക്കണം.

## വരദാനം – സഹയോഗത്തിന്റെ ശുഭഭാവനയിലൂടെ ആത്മീയ അന്തരീക്ഷമുണ്ടാക്കുന്ന മാസ്റ്റർ ദാതാവായി ഭവിക്കട്ടെ.

പ്രകൃതി തന്റെ അന്തരീക്ഷത്തിന്റെ പ്രഭാവത്തിന്റെ അനുഭവം ചെയ്യിക്കുന്ന പോലെ ഇടയ്ക്ക് ചൂട്, ഇടയ്ക്ക് തണുപ്പ് .. ഇങ്ങനെ താങ്കൾ പ്രകൃതിജീത്ത് സദാ സഹയോഗി, സഹജയോഗി ആത്മാക്കൾ തന്റെ ശുഭഭാവനകളിലൂടെ ആത്മീയവായുമണ്ഡലമുണ്ടാക്കുന്നതിൽ സഹയോഗിയാകൂ. അവർ ഇങ്ങനെ അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നു, ഇത് വിചാരിക്കരുത്. എങ്ങനെയുള്ള അന്തരീക്ഷവുമായിക്കോട്ടെ, വ്യക്തിയായിക്കോട്ടെ എനിക്ക് സഹയോഗം നൽകണം. ദാതാവിന്റെ കുട്ടികൾ സദാ നൽകുന്നു. മനസാ സഹയോഗിയായിക്കോട്ടെ, വാചാ ആയിക്കോട്ടെ, സംബന്ധസമ്പർക്കത്തിലൂടെ ആയിക്കോട്ടെ. എന്നാൽ ലക്ഷ്യമുണ്ടാകണം സഹയോഗി തീർച്ചയായും ആകണം.

## സ്ലോഗൻ – ഇച്ഛാമാത്രം അവിദ്യയുടെ സ്ഥിതിയിലൂടെ സർവരുടെയും ഇച്ഛകളെ പൂർത്തികരിക്കുക തന്നെയാണ് കാമധേനുവാകുക